പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2534 05.11.2019-ൽ മറുപടിക്ക്

ചെങ്ങന്നൂരിലെ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | ചെങ്ങന്നൂർ മണ്ഡലത്തിലെ കല്ലിശ്ശേരി കേന്ദ്രമാക്കി ഒരു സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യ താപഠനം വകുപ്പ് തലത്തിൽ നടത്തിയതിന്റെ പുരോഗതി വിശദമാക്കാമോ ? | | ചെങ്ങന്നൂർ മണ്ഡലത്തിലെ കല്ലിശ്ശേരി കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യത പഠനം നിലവിൽ നടക്കുന്നില്ല. എന്നാൽ കല്ലിശ്ശേരിയുടെ സമീപ സ്ഥലമായ തിരുവൻവണ്ടൂരിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തിയിരുന്നു. എന്നാൽ ആദ്യം കണ്ടെത്തിയ സ്ഥലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് പ്രയോജനകരമല്ല എന്നാണ് ബോർഡിന്റെ പവർ സിസ്റ്റം എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതിക പഠനം നടത്തിയപ്പോൾ കണ്ടെത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു സ്ഥലത്തിനായുള്ള അന്വേഷണം ഊർജ്ജസ്വലമായി നടത്തിവരുന്നു. ഇതിനകം കണ്ടെത്തിയ രണ്ടുമൂന്നു സ്ഥലങ്ങളുടെ ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ